# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി JANUARY 11 | 2022 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ്-2


ഫോൺ : 04735-202664

www.sabarimala.kerala.gov.in prdsabarimala2021@gmail.com


### ശബരിമലയിലെ നാളത്തെ (12.01.2022) ചടങ്ങുകൾ...

പുലർച്ചെ 3.30 ന് പള്ളി ഉണർത്തൽ
4 മണിക്ക്.... തിരുനട തുറക്കൽ
4.05 ന്..... പതിവ് അഭിഷേകം
4.30 മുതൽ 11മണി വരെ നെയ്യഭിഷേകം
4.30 ന് ...ഗണപതി ഹോമം
7.30 ന് ഉഷപൂജ
9.00am അഷ്ടാഭിഷേകം
11.30 ന് കലശാഭിഷേകം
തുടർന്ന് കളഭാഭിഷേകം
12 .15 ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കൽ
4 മണിക്ക് ക്ഷേത്രനട തുറക്കും
5.30 മുതൽ പ്രാസാദ ശുദ്ധി ക്രിയ
തുടർന്ന് ദീപാരാധന....
6.45 ന്... പടിപൂജ
7.30 ന് പുഷ്പാഭിഷേകം
9 മണിക്ക് ....അത്താഴപൂജ
10.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 11 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

### മകരജ്യോതി: വ്യൂ പോയന്റുകളിൽ സൗകര്യങ്ങളും സുരക്ഷയും ഒരുക്കി- ജില്ലാ കളക്ടർ

മകരജ്യോതി ദർശനത്തിന് വ്യൂ പോയന്റുകളിലെത്തുന്ന തീർഥാടകർക്ക് എല്ലാ സൗകര്യങ്ങളും സുരക്ഷയും ഒരുക്കിയിട്ടു  ന്ന് ജില്ലാ കളക്ടർ ഡോ. ദിവ്യ എസ്. അയ്യർ പറഞ്ഞു. മകരജ്യോതി വ്യൂ പോയിന്റായ പഞ്ഞിപ്പാറ സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തിയതിനു ശേഷം സംസാരിക്കുകയായിരുന്നു കളക്ടർ. ജില്ലയിൽ ഒൻപത് ജ്യോതി ദർശന കേന്ദ്രങ്ങളാണ് സജ്ജമാക്കിയിട്ടുള്ളത്. ഇടുക്കി ജില്ലയിൽ മൂന്നും കോട്ടയത്ത് ഒരു കേന്ദ്രവുമാണുള്ളത്.
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിവിധ വകുപ്പുകളും ചേർന്ന് മികച്ച പ്രവർത്തനമാണ് നടത്തുന്നത്. വ്യൂ പോയിന്റുകളിൽ കുടിവെള്ളം, ശൗചാലയം, സുരക്ഷാ ക്രമീകരണങ്ങൾ എന്നിവ ഒരുക്കിയിട്ടു ്. ഭക്തർക്ക് യാതൊരു വിധ തടസവുമില്ലാതെ ജ്യോതി ദർശനം ലഭിക്കുന്നതിനുള്ള സൗകര്യം ഉറപ്പാക്കിയിട്ടു  ന്നും കളക്ടർ പറഞ്ഞു. സീതത്തോട് പഞ്ചായത്ത് പ്രസിഡന്റ് ജോബി ടി. ഈശോ, കോന്നി തഹസിൽദാർ ശ്രീകുമാർ എന്നിവർ പങ്കെടുത്തു.

## ഗതാഗതക്രമീകരണങ്ങൾ ഏർപ്പെടുത്തി

മകരജ്യോതിദർശനത്തിന് ശേഷം നിലക്കൽ നിന്നും ഭക്തരുടെ വാഹനങ്ങൾ പുറത്തേക്ക് വരുന്നതുമായി ബന്ധപ്പെട്ടും, ഭക്തരുടെ വാഹനങ്ങളുടെ സുഗമമായ സഞ്ചാരം ഉറപ്പാക്കുന്നതിനും, ജില്ലയെ 13 സെക്ടറുകളായി തിരിച്ച് ഗതാഗത ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായും ജില്ലാ പോലീസ് മേധാവി സ്വപ്നിൽ മധുകർ മഹാജൻ അറിയിച്ചു. അഡിഷണൽ എസ്പി എൻ. രാജനാണ് ഗതാഗതചുമതല. ജില്ലയിലെ എല്ലാ പോലീസ് സ്റ്റേഷൻ പരിധികളിലും ഗതാഗത ക്രമീകരണവുമായി ബന്ധപെട്ട് ബൈക്ക് പട്രോളിംഗ് ഉൾപ്പെടെ പോലീസിന്റെ പൂർണ സാന്നിദ്ധ്യം ഉറപ്പാക്കിയിട്ടു  ന്നും ജില്ലാ പോലീസ് മേധാവി പറഞ്ഞു.

